(ബി) സാക്ഷരതാമിഷൻ നടപ്പാക്കി വരുന്ന തുടർ വിദ്യാഭ്യാസ പരിപാടിക്ക് ദേശീയ സാക്ഷരതാമിഷനിൽ നിന്നും എന്തെല്ലാം സഹായങ്ങളാണ് ലഭിച്ചുകൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാന സാക്ഷരതാമിഷന്റെ വിദ്യാകേന്ദ്രങ്ങൾ സംസ്ഥാന സർക്കാർ സ്ഥാപനങ്ങളും വിവിധ കേന്ദ്ര ഏജൻസികളും നടത്തിവരുന്ന ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കാൻ കഴിയുന്ന സ്ഥിരം ജനകീയ കേന്ദ്രങ്ങളാക്കി മാറ്റാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ തുടർ വിദ്യാഭ്യാസ പരിപാടിയുടെ പ്രവർത്തനം സംസ്ഥാന സാക്ഷരതാമിഷൻ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളുടെ നേതൃത്വത്തിൽ കാലാകാലങ്ങളിൽ വിലയിരുത്തലിന് വിധേയമാക്കിയിട്ടുണ്ട്.

(ബി) സംസ്ഥാന സാക്ഷരതാമിഷൻ നടപ്പിലാക്കി വരുന്ന തുടർ വിദ്യാഭ്യാസ പരിപാടി ദേശീയ സാക്ഷരതാമിഷൻ അംഗീകരിച്ച പ്രോജക്ടാണ്. ഈ പരിപാടിയുടെ ആദ്യത്തെ മൂന്നു പദ്ധതി വർഷങ്ങളിലെ മുഴുവൻ ചെലവും ദേശീയ സാക്ഷരതാമിഷനാണ് വഹിച്ചത്. തുടർന്നുള്ള രണ്ട് വർഷങ്ങളിലെ പദ്ധതി ചെലവിന്റെ 50 ശതമാനം ദേശീയ സാക്ഷരതാമിഷൻ വഹിക്കും.

(സി) സംസ്ഥാന സാക്ഷരതാമിഷന്റെ തുടർ വിദ്യാഭ്യാസ കേന്ദ്രങ്ങൾ പലതും ഇപ്പോൾ തന്നെ പ്രദേശത്തിന്റെ ആവശ്യമായി മാറിക്കഴിഞ്ഞിട്ടുണ്ട്. സംസ്ഥാന സർക്കാർ സ്ഥാപനങ്ങളും മറ്റ് ഏജൻസികളും നടപ്പിലാക്കി വരുന്ന ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കാൻ കഴിയുന്ന സ്ഥിരം സംവിധാനങ്ങളായി മുഴുവൻ തുടർ വിദ്യാകേന്ദ്രങ്ങളെയും മാറ്റുന്നതിനുള്ള പ്രവർത്തനങ്ങളുമായി സംസ്ഥാന സാക്ഷരതാ മിഷൻ മുന്നോട്ടു പോകും. ഇതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണവും ഉറപ്പാക്കും.

സാക്ഷരതാ മിഷന്റെ തുല്യതാ സർട്ടിഫിക്കറ്റ് നേടിയവർക്ക് ഉപരിപഠനം

138 [3028] ശ്രീ. എ. കെ. ബാലൻ :
,, മഞ്ഞളാംകുഴി അലി :
,, കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽക്കുമോ:

(എ) കേരള സാക്ഷരതാ മിഷൻ പത്താം ക്ലാസ് തുല്യതാ സർട്ടിഫിക്കറ്റ് കോഴ്സ് ആരംഭിക്കുന്നതിനു പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ തുല്യതാ സർട്ടിഫിക്കറ്റ് നേടിയവർക്ക് ഉപരിപഠനത്തിനുള്ള അവകാശം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(സി) പരീക്ഷ നടത്തുന്നതിനുള്ള ചുമതല ആർക്കാണ് നൽകാൻ നിശ്ചയിച്ചിട്ടുള്ളത്;

(ഡി) ഈ വർഷം കോഴ്സ് ആരംഭിച്ചു കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്കാണ് കോഴ്സ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 'ഒ' ലെവൽ 'എ' ലെവൽ എന്നിങ്ങനെ രണ്ടു ഘട്ടങ്ങളിലായാണ് ഈ കോഴ്സ് സംഘടിപ്പിക്കപ്പെട്ടിട്ടുള്ളത്. പൊതുവിദ്യാഭ്യാസ സെക്രട്ടറി ചെയർമാനും പൊതുവിദ്യാഭ്യാസ ഡയറക്ടർ, എസ്. സി. ഇ. ആർ. ടി. ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കണ്ടറി എഡ്യൂക്കേഷൻ ഡയറക്ടർ, ഹയർ സെക്കണ്ടറി എഡ്യൂക്കേഷൻ ഡയറക്ടർ, സംസ്ഥാന സാക്ഷരതാ മിഷൻ ഡയറക്ടർ, വയോജന തുടർ വിദ്യാഭ്യാസ രംഗത്തുനിന്നും നോമിനേറ്റ് ചെയ്യപ്പെട്ട മൂന്നു വിദഗ്ദ്ധർ എന്നിവർ അംഗങ്ങളായി രൂപീകരിച്ച തുല്യതാ ബോർഡായിരിക്കും 'ഒ' ലെവൽ പരീക്ഷ നടത്തുന്നത്. 'എ' ലെവൽ പരീക്ഷ പൊതു പരീക്ഷാ ബോർഡിന്റെ കീഴിലാണ് നടത്തേണ്ടത്. 'ഒ' ലെവൽ തുല്യതാ പരീക്ഷാ സർട്ടിഫിക്കറ്റ് ജോലി സംബന്ധമായ കാര്യങ്ങൾക്ക് മാത്രമേ ബാധകമായിരിക്കുകയുള്ളൂ. പി. എസ്. സി. വഴിയുള്ള നിയമനങ്ങൾക്ക് ഈ സർട്ടിഫിക്കറ്റ് പരിഗണിക്കുന്നതല്ല. വിദേശ രാജ്യങ്ങളിലെ മലയാളികൾക്ക് അവിടെ താമസിക്കുന്നതിനും ജോലി ചെയ്യുന്നതിനും (വർക്ക് പെർമിറ്റ്, റസിഡന്റ് പെർമിറ്റ്) 'ഒ' ലെവൽ സർട്ടിഫിക്കറ്റ് മതിയാകും. 'ഒ' ലെവലിനും 'എ' ലെവലിനും എസ്. എസ്. എൽ. സി. പരീക്ഷയ്ക്കുള്ള എല്ലാ വിഷയങ്ങളും ഉണ്ടായിരിക്കണം. പഠിതാക്കളുടെ പ്രായം, അനുഭവജ്ഞാനം എന്നിവ കണക്കിലെടുത്ത് ആവശ്യമായ മാറ്റങ്ങൾ വരുത്തിയതാണ് സിലബസ്. 'ഒ' ലെവൽ കോഴ്സിന്റെ പഠനകാലയളവ് അഞ്ച് മാസമായിരിക്കും.

(ബി) 'ഒ' ലെവൽ തുല്യതാ സർട്ടിഫിക്കറ്റ് നേടുന്നവർക്ക് 'എ' ലെവൽ കൂടി പാസ്സാകാതെ ഉപരിപഠനത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

(സി) പത്താംതരം തുല്യതാ പരീക്ഷ ('ഒ' ലെവൽ) നടത്തുന്നതിനുള്ള ചുമതല തുല്യതാ പരീക്ഷാ ബോർഡിനായിരിക്കും.

(ഡി) ഈ വർഷം കോഴ്സ് ആരംഭിച്ചു കഴിഞ്ഞിട്ടില്ല. 2005 ഏപ്രിൽ മാസത്തിൽ ക്ളാസുകൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly